I ഇ.ബി. XIV - കേരള നിയമസഭ /X-11

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 14, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I. അടിയന്തരപ്രമേയം**

കാർഷിക മേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയങ്ങളും വരൾച്ചാ കെടുതിയും നാണ്യവിളകളുടെ വിലയിടിവും നിമിത്തം കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളും പ്രതിസന്ധിയും കർഷക ആത്മഹത്യകളും വർദ്ധിച്ചിരിക്കുന്നതുമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം.

മാണി റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സംസ്ഥാന ഗവൺമെന്റിന്റെ തെറ്റായ നയംമൂലം കർഷകർ വ്യാപകമായി ആത്മഹത്യ ചെയ്യുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ നടക്കുന്ന സംസ്ഥാനമായി കേരളം മാറുന്നുവെന്ന പരാമർശം വസ്തുതാവിരുദ്ധമാണ്. കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്ന സാഹചര്യം നിലവിലില്ല. കൃഷിനാശത്തെത്തുടർന്ന് സംസ്ഥാനത്ത് കർഷകർ ആത്മഹത്യ ചെയ്തിട്ടില്ല. കാർഷിക കടാശ്വാസ കമ്മീഷൻ 18.01.2007 വരെയുള്ള കാർഷിക കടങ്ങളാണ് പരിഗണിക്കുന്നതെങ്കിലും വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 31.10.2011 വരെയുള്ളവ പരിഗണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി സർവ്വകക്ഷി സംഘം കേന്ദ്രമന്ത്രിക്ക് നിവേദനം സമർപ്പിച്ചതിനെത്തുടർന്ന് കേന്ദ്രഗവൺമെന്റ് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി ഒറ്റക്കെട്ടായി പരിഹരിക്കണം. ജി.എസ്.ടി., നോട്ട് നിരോധനം, വരൾച്ച

എന്നിവയുടെ ഫലമായി കർഷകർ കടക്കെണിയിലാണ്. കാർഷിക കടാശ്വാസ സഹായത്തിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. നിലവിലുള്ള കാർഷിക കടങ്ങൾ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്താത്തതിനാൽ കർഷക ആത്മഹത്യകൾ വർദ്ധിക്കുകയാണ് . ഇന്ത്യയിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ ഉണ്ടാകുന്ന സംസ്ഥാനമായി കേരളം മാറുന്നു എന്ന പത്ര റിപ്പോർട്ടുകളുണ്ട്. കർഷകരുടെ ആനുകൂല്യങ്ങൾ ഇടനിലക്കാർ അപഹരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം. റബ്ബറിന് മിനിമം വില പ്രഖ്യാപിക്കുന്നതിനും റോഡ് ടാറിംഗിനും മറ്റും റബ്ബർ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. സുഗന്ധവ്യഞ്ജനങ്ങൾക്ക് ന്യായവില ലഭ്യമാക്കുകയും മിനിമം വില നൽകിക്കൊണ്ട് കാർഷിക വിഭവങ്ങൾ സംഭരിക്കുകയും വേണം. കാർഷിക കടാശ്വാസത്തിനായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കണം. ഭൂനികുതിയിൽ ഏർപ്പെടുത്തിയ വർദ്ധനവ് പിൻവലിക്കുന്നതിനും നാണ്യവിളകൾക്കും കാർഷിക വിളകൾക്കും താങ്ങുവില നിശ്ചയിക്കുന്നതിനും ന്യായവില നൽകി നെല്ല് സംഭരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): എറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ നടക്കുന്ന നാടായി കേരളം മാറുന്നു എന്ന അടിയന്തരപ്രമേയ

നോട്ടീസിലെ പരാമർശം വസ്തുതാപരമല്ല. ജി.എസ്.ടി., നോട്ട് നിരോധനം എന്നിവ നടപ്പിലാക്കിയപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ പിടിപ്പുകേടുമൂലം കർഷകരുടെ ഒരു ആനുകൂല്യവും നഷ്ടപ്പെട്ടിട്ടില്ല. ഈ വർഷം കുടിശ്ശിക ഉൾപ്പെടെ 874.34 കോടി രൂപ റബ്ബർ കർഷകർക്ക് നൽകിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില ഇരുനൂറ് രൂപയാക്കണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലാണ്. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. മിനിമം ഇംപോർട്ട് പ്രൈസ് അഞ്ഞൂറ് രൂപയായി വർദ്ധിപ്പിച്ചിട്ടും കുരുമുളകിന്റെ വില വർദ്ധിച്ചില്ലെന്നുള്ള കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം വർദ്ധിപ്പിച്ചുകൊണ്ട് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീം വഴി കാർഷിക വിളനാശത്തിന് ഏറ്റവും കൂടുതൽ നഷ്ടപരിഹാരം നൽകുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. മിനിമം സപ്പോർട്ട് പ്രൈസ് നൽകുന്ന വിളകളുടെ കൂട്ടത്തിൽ പച്ചത്തേങ്ങ കൂടി ഉൾപ്പെടുത്തണമെന്നും റബ്ബറിനെ കാർഷിക ഉൽപ്പന്നമായി പരിഗണിക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കർഷക ആത്മഹത്യയ്ക്ക് തടയിടുന്നതാണ് സർക്കാരിന്റെ നയം. സംസ്ഥാന ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും നയവ്യത്യാസവുംമൂലം കേരളത്തിലെ ഒരു കർഷകനും ആത്മഹത്യ ചെയ്തിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) ഓഖി ദുരിതബാധിതരുടെ പുനരധിവാസം

ശ്രീ. കെ. ദാസൻ: സംസ്ഥാന സർക്കാർ ഓഖി ദുരിതബാധിതരുടെ പുനരധിവാസത്തിന് 7340 കോടി രൂപയുടെ പ്രത്യേക പാക്കേജ് കേന്ദ്രസർക്കാരിൽ സമർപ്പിച്ചെങ്കിലും തുക അനുവദിക്കാതെ നിഷേധാത്മക നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളി കുടുംബങ്ങളോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ച സംസ്ഥാന സർക്കാരിനെ പിന്തുണയ്ക്കേണ്ട ബാദ്ധ്യത കേന്ദ്രസർക്കാരിനുണ്ട്. ഓഖി ദുരിതം ദേശീയ ദുരന്തമായി കണക്കാക്കി കേന്ദ്രസർക്കാരിൽനിന്ന് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിക്കാത്തതിനാൽ വീണ്ടും കേന്ദ്ര സർക്കാരിൽ

സമ്മർദ്ദം ചെലുത്തി അർഹമായ പാക്കേജ് നേടിയെടുണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ഓഖി ചുഴലിക്കാറ്റിന്റെ ഫലമായി മത്സ്യമേഖലയിലെ 74 വീടുകൾ പൂർണ്ണമായും 458 വീടുകൾ ഭാഗികമായും നശിക്കുകയും 52 മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനി സംഭവിക്കുകയും 102 മത്സ്യത്തൊഴിലാളികളെ കാണാതാകുകയും നിരവധിപേരുടെ വള്ളവും വലയും നഷ്ടപ്പെടുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 20 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചതിനുപുറമെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 2 ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി. ഓഖി ദുരന്തത്തിൽ കാണാതായവരുടെ കുടുംബങ്ങൾക്ക് മരണപ്പെട്ടവർക്ക് അനുവദിച്ച അതേ നിരക്കിലുള്ള നഷ്ടപരിഹാരത്തുക നൽകുന്നതിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഓഖി ദുരിതബാധിതരുടെ പുനരധിവാസത്തിനും നാശനഷ്ടങ്ങൾ സംഭവിച്ച തീരദേശത്തിന്റെ പുന:സൃഷ്ടിക്കുമായി സംസ്ഥാന സർക്കാർ 7340 കോടി രൂപയുടെ പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന് സമർപ്പിച്ച ദുരിതാശ്വാസ പാക്കേജനുസരിച്ചുള്ള ധനസഹായം ലഭിക്കുന്നതിന് കേന്ദ്ര

ആഭ്യന്തരമന്ത്രാലയവും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും അനുവദിച്ച 133 കോടി രൂപ അപര്യാപ്തമാണ്. സംസ്ഥാന സർക്കാർ സമർപ്പിച്ച ബൃഹത്തായ പാക്കേജ് പ്രകാരമുള്ള ധനസഹായം ലഭ്യമാക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തും.

(2) നോക്കുകൂലി നിരോധന നിയമം

ശ്രീ. പാറക്കൽ അബ്ദുല്ല: കേരളത്തിന്റെ തൊഴിൽ മേഖലയിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന നോക്കുകൂലി ഇപ്പോഴും തുടരുകയാണ്. നോക്കുകൂലി വാങ്ങുന്നവരുടെ പേരിൽ ഗുണ്ടാ നിയമപ്രകാരം കേസ് എടുക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടെങ്കിലും യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. ഈ ദുഷ്പ്രവണതയ്ക്കെതിരെ ശക്തമായ നിയമനിർമ്മാണം നടത്തുന്നതിന് രാഷ്ട്രീയ പാർട്ടികളുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും പൂർണ്ണ സഹകരണം ആവശ്യമാണ്. തൊഴിലുടമയ്ക്ക് ഇഷ്ടമുള്ള വ്യക്തികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നതിനും അതിന് തടസ്സം നിൽക്കുന്നവർക്കെതിരെ ശക്തമായ വകുപ്പുകൾ ചുമത്തി കേസെടുക്കുന്നതിനും അതുവഴി ശിക്ഷ ഉറപ്പുവരുത്തുന്നതിനും

വ്യക്തവും ശക്തവുമായ നിയമം നടപ്പാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 11 ജില്ലകളിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുകയും ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി കാൾ സെന്റർ ആരംഭിക്കുകയും ലഭ്യമാകുന്ന പരാതികളിന്മേൽ അസിസ്റ്റന്റ് ലേബർ ഓഫീസർ പരിശോധന നടത്തി തൊഴിലാളികൾ അനർഹമായി കൈപ്പറ്റിയ തുക തിരികെ തൊഴിലുടമയ്ക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. തൊഴിലാളികളുടെ ഭാഗത്തുനിന്നും ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യാനും തൊഴിലുടമയെ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്താൽ നിയമനടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ മേയ് 1 മുതൽ നോക്കുകൂലി സമ്പ്രദായവും തൊഴിലാളികളെ വിതരണം ചെയ്യുന്ന രീതിയും പൂർണ്ണമായി അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുകയോ വാങ്ങുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ജാമ്യമില്ലാ വകുപ്പ്

ച്ചമത്തി കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ചുകൊണ്ടുതന്നെ ഇതൊക്കെ അവസാനിപ്പിക്കാനുള്ള പരിശ്രമം നടത്തുന്നതിനുപുറമെ ആവശ്യമായ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നതാണ്.

## III. സബ്മിഷൻ

(1) കാട്ടുതീ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അതിരപ്പിള്ളി ഉൾപ്പെടെയുള്ള കേരളത്തിന്റെ വിവിധ വനമേഖലകളിൽ നിലനിൽക്കുന്ന കാട്ടുതീ ഭീഷണി തടഞ്ഞ് മനുഷ്യരുടെയും വന്യജീവികളുടെയും ജീവൻ സംരക്ഷിക്കുന്നതിനും കാട്ടുതീ സാദ്ധ്യതാ പ്രദേശങ്ങൾ കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം. വനം വകുപ്പിലെ ജീവനക്കാരുടെ കുറവും ആധുനിക ഉപകരണങ്ങളുടെ അപര്യാപ്തതയും പരിഹരിച്ച് കാട്ടുതീ പ്രതിരോധിക്കുകയും വാഴച്ചാൽ പ്രദേശത്തുണ്ടായ കാട്ടുതീയുടെ വിവരങ്ങൾ സഭയെ അറിയിക്കുകയും വേണം.

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി വാഴച്ചാൽ ഡിവിഷനിൽപ്പെട്ട വിവിധ പ്രദേശങ്ങളിലായി ഏകദേശം 50 ഹെക്ടർ സ്ഥലത്ത് കാട്ടുതീ പടർന്നുപിടിച്ചതിലൂടെ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതോടൊപ്പം വനം വകുപ്പ് ജീവനക്കാർക്ക്

ആധുനിക പരിശീലനവും ഉപകരണങ്ങളും നൽകുന്നതിനും കാട്ടുതീ പടരാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഫോറസ്റ്റ്-ഫയർഫോഴ്സ്-പോലീസ് വകുപ്പുകളുടെ ഏകോപനത്തോടെ പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കടുത്ത വേനൽ കാരണം 10-03-2018- ന് അതിരപ്പിള്ളി വനമേഖലയിൽ വാടാമുറി മലയിൽ കാട്ടുതീ പടർന്നുപിടിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വേണ്ടത്ര ഉദ്യോഗസ്ഥരെ നിയോഗിച്ച് തീ കെടുത്തിയെങ്കിലും 30 ഹെക്ടറോളം കാട് കത്തി നശിക്കുകയുണ്ടായി. കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് തീ വ്യാപിക്കുന്നത് തടയുന്നതിനും ടി പ്രദേശങ്ങൾ നിരന്തരം വീക്ഷിക്കുന്നതിനുമായി 30 ജീവനക്കാരെ ചുമതലപ്പെടുത്തുകയും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ തേനിയിലുണ്ടായ സംഭവത്തെത്തുടർന്ന് കാടിനുള്ളിൽ ട്രക്കിംഗ് താൽക്കാലികമായി നിർത്തിവയ്ക്കാനും കാട്ടുതീ പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ പ്രത്യേക ജാഗ്രത പുലർത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസം പ്രൊമോഷന്റെ ഭാഗമായി പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന അനധികൃത ട്രക്കിംഗ് നിരോധിക്കുന്നതും കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതുമാണ്. കേന്ദ്ര ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ വികസിപ്പിച്ചെടുത്ത ആധുനിക സാങ്കേതിക വിദ്യ വഴി കാട്ടുതീ

ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും തീപിടുത്തമുണ്ടായാൽ അക്കാര്യം അലർട്ട് സിസ്റ്റത്തിലൂടെ ഉടൻതന്നെ വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനും സാധിക്കുന്നുണ്ട്. അതിരപ്പിള്ളിയിലെ കാട്ടുതീ നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. ഓരോ ഫോറസ്റ്റ് ഡിവിഷനിലും പ്രത്യേക മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. വനത്തിൽ ട്രക്കിംഗ് നടത്തുന്ന ടൂറിസ്റ്റുകൾക്ക് ബോധവൽക്കരണം ഉൾപ്പെടെയുള്ള ട്രെയിനിംഗ് സംഘടിപ്പിക്കുന്നുണ്ട്.

### (2) ജപ്തി നടപടികൾക്ക് മോറട്ടോറിയം

ശ്രീ. കെ. സി. ജോസഫ്: കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകൾക്കുമേലുള്ള ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള കാർഷിക കടാശ്വാസ കമ്മീഷൻ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുത്ത വായ്പ കേരള കാർഷിക കടാശ്വാസ കമ്മിഷന്റെ പരിധിയിൽ വരുമോ എന്നത് സംബന്ധിച്ചും പഴയ കാർഷിക കടത്തിന്മേലുള്ള ജപ്തി നടപടികളെ സംബന്ധിച്ചും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കാർഷിക രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം

നൽകിയിട്ടുള്ളത്. വർഷങ്ങളായി തിരിച്ചടവില്ലാത്ത വായ്പകളിൽ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി ബാങ്കുകൾ നടപടി സ്വീകരിക്കുക പതിവാണ്. വീട് വയ്ക്കാനും വീടിനോടനുബന്ധിച്ച് കൃഷി നടത്താനും വായ്പയെടുത്ത് ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള 61 പേർക്കെതിരെ ജപ്തി നടപടികൾ സ്വീകരിക്കാനാണ് തളിപ്പറമ്പ് കാർഷിക ഗ്രാമവികസന ബാങ്ക് നടപടികൾ ആരംഭിച്ചത്. 2018 മാർച്ച് 12 മുതൽ 19 വരെ തീരുമാനിച്ചിരുന്ന ജപ്തി നടപടികൾ സഹകരണ വകുപ്പ് 'നവകേരളീയം കുടിശ്ശിക നിവാരണം 2018' (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) പ്രഖ്യാപിച്ചതിനെത്തുടർന്ന് നിർത്തിവച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പാ തിരിച്ചടവിന് കർഷകർക്ക് പ്രയാസം നേരിടുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ മോറട്ടോറിയം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) <u>ഫയർ & റെസ്ക്യൂ സ്റ്റേഷൻ</u>

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: ബാലുശ്ശേരിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ബാലുശ്ശേരിയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറലിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന

മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) <u>കൊച്ചി മെട്രോ</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: കൊച്ചി മെട്രോയുടെ രണ്ടാംഘട്ടത്തിന്റെ സ്ഥലമേറ്റെടുക്കൽ അടിയന്തരമായി പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: കൊച്ചി മെട്രോയുടെ രണ്ടാംഘട്ടം ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് 2017-ൽ ഭരണാനുമതി നൽകുകയും വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തുവെങ്കിലും കേന്ദ്ര സർക്കാർ മെട്രോ നയം പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചതിനാൽ വിശദമായ പദ്ധതി റിപ്പോർട്ടിൽ മാറ്റം വരുത്തി പുനർസമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഡി.പി.ആർ. കേന്ദ്ര സർക്കാരിന് അയച്ചശേഷം അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. രണ്ടാംഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 189 കോടി രൂപ അനുവദിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം സാമൂഹിക ആഘാത പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## (5) <u>പട്ടികവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികൾ</u>

<u>ശ്രീ. ഒ. ആർ. കേളു</u>: മാനന്തവാടി നിയോജകമണ്ഡലത്തിലെ പനവരം, തിരുനെല്ലി പഞ്ചായത്തുകളിൽ ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: വയനാട് ജില്ലയിൽ പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കോർപ്പസ് ഫണ്ട്, അഡീഷണൽ ട്രൈബൽ സബ് പ്ലാൻ, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഊരുകൂട്ടത്തിന്റെ നിർദ്ദേശാനുസരണമാണ് പദ്ധതികൾ തയ്യാറാക്കുന്നത്. 2014-15-ൽ ഏറ്റെടുത്ത പദ്ധതികളിൽ 15 എണ്ണത്തിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചുവരികയാണ്. 95 വീടുകളിൽ 42 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. 2015-16-ൽ തെരഞ്ഞെടുത്ത 24 കോളനികളിലെയും പ്രവൃത്തികൾ ഈ സർക്കാരാണ് പൂർത്തീകരിച്ചത്. പദ്ധതിയുടെ പുരോഗതി ഉറപ്പുവരുത്തുന്നതിനയി അതാത് കളക്ടർമാരുടെ നേതൃത്വത്തിൽ പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ

കളക്ടറുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ കോർപ്പസ് ഫണ്ടിൽനിന്നും വയനാട് ജില്ലയിൽ 682.85 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം

ശ്രീ. അനൂപ് ജേക്കബ്: കീച്ചേരി, കുടിയേറ്റിക്കര, കൈപ്പട്ടൂർ എന്നീ വില്ലേജ് ഓഫീസുകൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും വിവിധ വില്ലേജ് ഓഫീസുകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കീച്ചേരി, കുടിയേറ്റിക്കര എന്നീ വില്ലേജുകളാക്കുന്ന നടപടി പൂർത്തീകരിച്ചെങ്കിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം പുതിയ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കീച്ചേരി, കുടിയേറ്റിക്കര വില്ലേജുകൾ ഉൾപ്പെടെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പൂർത്തിയാക്കിയിട്ടുള്ള പത്ത് ഗ്രൂപ്പ് വില്ലേജുകളിൽ ഓരോ വില്ലേജ് ഓഫീസിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അനുമതിക്കായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്.

ആയത് ലഭ്യമായതിനുശേഷം തസ്തിക സൃഷ്ടിച്ച് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) കുടിവെള്ള ക്ഷാമം

ശ്രീ. അബ്ദുൽ ഹമീദ് പി.: മൂന്നിയൂർ, ചേലമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി തോമസ്): മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അടുത്തവർഷം സംസ്ഥാനത്ത് ആയിരം കോടി രൂപയുടെ പുതിയ പദ്ധതി നടപ്പാക്കുമ്പോൾ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ പദ്ധതിക്ക് മുൻഗണന നൽകുന്നതാണ്. ചേലമ്പ്ര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ സഹായത്തോടെയാണ് ജലനിധി ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നത്. ജലസംഭരണി ഉയർന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ മിക്ക സ്ഥലങ്ങളിലേയ്ക്കും ഗ്രാവിറ്റി ഫ്ലോ മുഖേന ജലവിതരണം നടത്തുന്നുണ്ട്. അവശേഷിക്കുന്ന ഏതാനും ഉയർന്ന പ്രദേശങ്ങളിൽ പ്രത്യേക ടാങ്ക് നിർമ്മിച്ച് ജലമെത്തിക്കാൻ സാധിക്കും. ജലസംഭരണിയെ വിതരണശൃംഖലയിലേയ്ക്ക് ബന്ധിപ്പിക്കുന്ന പൈപ്പിന്റെ വ്യാസം കുറച്ചുകൊണ്ട് വിഭാവന ചെയ്ത രീതിയിൽ ഗുണഭോക്താക്കൾക്ക് ജലമെത്തിക്കാൻ

കഴിയാത്തതിനാൽ വ്യാസം വർദ്ധിപ്പിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ജലവിതരണം ആരംഭിച്ചുകഴിഞ്ഞാൽ പഞ്ചായത്തിലെ ഭൂരിപക്ഷ പ്രദേശങ്ങളിലും ജലമെത്തിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതെങ്കിലും പ്രദേശത്ത് അധികജലം ആവശ്യമായി വരികയാണെങ്കിൽ കിൻഫ്ര പരിസരത്തുതന്നെ പുതിയ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള നടപടി ജലനിധി സ്വീകരിക്കുന്നതാണ്.

(8) ഗതാഗത നിയമങ്ങളുടെ അവബോധം

ശ്രീ. മുല്ലക്കര രത്നാകരൻ: ഗതാഗത നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട് കാൽനടയാത്രക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശാസ്ത്രീയ രീതിയിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി എടപ്പാളിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിക്കുകയും പോലീസ് വകുപ്പിൽ 'ശുഭയാത്ര' പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. കാൽനടയാത്രക്കാർക്ക് റോഡിൽ മതിയായ പരിഗണന ലഭിക്കുന്നതിനായി ഫ്ലൈഓവറുകളും സ്കൈവാക്കുകളും ഫുട്പാത്തുകളും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മെച്ചപ്പെട്ട ട്രാഫിക് സംസ്കാരവും അതിനാവശ്യമായ പ്രവർത്തന സംവിധാനവും

സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) റോഡ് നിർമ്മാണം

ശ്രീമതി യു. പ്രതിഭ ഹരി: കായംകുളം ഭാഗത്ത് ആവശ്യമായ ട്രാഫിക് സംവിധാനങ്ങളേർപ്പെടുത്തി വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ദേശീയ പാതയിൽ കായംകുളം ഭാഗത്ത് വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി റോഡ് സുരക്ഷാ സംവിധാനങ്ങൾ നടപ്പാക്കുന്നതാണ്. ഓച്ചിറ മുതൽ ചേപ്പാട് വരെയുള്ള ഭാഗം പുനർ നിർമ്മിക്കുകയും കായംകുളം-കൃഷ്ണപുരം ദേശീയപാതയെ ആധുനിക രീതിയിൽ പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷയ്ക്കാവശ്യമായ തെർമോ പ്ലാസ്റ്റിക് മാർക്കിംഗും സ്റ്റഡുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ അപകട സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി അപകടങ്ങൾ ഒഴിവാക്കുന്നതിനായി 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) തിരൂർ-പൊൻമുണ്ടം ബൈപ്പാസ്

ശ്രീ. സി. മമ്മൂട്ടി: തിരൂർ-പൊൻമുണ്ടം ബൈപ്പാസിനോടനുബന്ധിച്ച്

അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് അനുമതി നൽകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തിരൂർ-പൊൻമുണ്ടം ബൈപ്പാസ് റോഡിനോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. നിർമ്മാണ പ്രവൃത്തിക്കായി തയ്യാറാക്കിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. DRIQ ബോർഡിൽ നിന്നും ലഭ്യമായ ഡിസൈന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിക്കാവശ്യമായ 21.58 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ പ്രവൃത്തി സംബന്ധിച്ച പ്രീ-ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ടും പ്രോജക്ട് കൺസെപ്റ്റ് നോട്ടും സമർപ്പിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് ഉറച്ച നിലപാടാണുള്ളത്.

(11) ജങ്കാർ കൈമാറൽ

ശ്രീ. എ. എം. ആരിഫ്: ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പെരുമ്പളം പഞ്ചായത്തിന് അനുവദിച്ച ജങ്കാറിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായി കെ.എസ്.ഐ.എൻ.സി.-ക്ക് കൈമാറുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും

വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജങ്കാർ കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന് കൈമാറുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉടൻതന്നെ നടപടിയെടുക്കണമെന്ന് പെരുമ്പളം പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീരുമാനത്തിൽ പഞ്ചായത്തിന്റെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## IV. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

### ദി കേരള പബ്ലിക് ഹെൽത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2017-നുള്ള ഭേദഗതികളുടെ പരിഗണന

ശ്രീ. സി. മമ്മൂട്ടി: ദി കേരള പബ്ലിക് ഹെൽത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2017 [ജി.ഒ.(പി) നം. 76/2017/എച്ച്&എഫ്ഡബ്ല്യൂഡി തീയതി 12.12.2017 (എസ്.ആർ.ഒ. നം. 805/2017)]-നുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു. ആരോഗ്യവകുപ്പിലെ ഫീൽഡ് വർക്കർമാരുടെ പ്രൊമോഷനുള്ള പ്രവൃത്തി പരിചയം അഞ്ചുവർഷമാക്കി സ്പെഷ്യൽ റൂളിൽ ഇളവ് ചെയ്യാനുള്ള തീരുമാനം നടപ്പാക്കിയപ്പോൾ അധിക നിബന്ധനകൾ കൂട്ടിച്ചേർത്തത് പ്രൊമോഷൻ നൽകാൻ തടസ്സമാകുമെന്നതിനാൽ അതൊഴിവാക്കുന്നതിനാണ് ഭേദഗതികൾ

കൊണ്ടുവന്നിരിക്കുന്നത്. അവ അംഗീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യപ്പോൾ ഉദ്ദേശ്യത്തിന് വിരുദ്ധമായി ഫീൽഡ് വർക്കർമാർക്ക് പ്രൊമോഷൻ ലഭിക്കാത്ത അവസ്ഥ ഉണ്ടായിരിക്കുന്നതിനാൽ അതൊഴിവാക്കുന്നതിനുള്ള ഭേദഗതിയാണ് അവതരിപ്പിക്കുന്നത്. ഭേദഗതി അംഗീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഫീൽഡ് വർക്കർമാർക്ക് ഫീൽഡ് അസിസ്റ്റന്റായി പ്രൊമോഷൻ നൽകുന്നതിന് ഇളവനുവദിക്കുന്നതിനായി സ്പെഷ്യൽ റൂളിൽ ഭേദഗതി കൊണ്ടുവന്നപ്പോൾ അവർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ചില ഭാഗങ്ങൾ കൂടി വന്നതിനാൽ അതൊഴിവാക്കാവുന്നതാണ്. ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 2, 3 നമ്പർ ഭേദഗതികളും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

2. The second entry in Column 1 to item 4 in the Table of clause 4 shall be substituted as follows:-

"(B) Field Assistant/Insect Collector"

3. In the "Note" in Column (3) to the second entry in Column (1) of item 4 in the Table of clause 4, the words and symbols "with Multi Purpose

Workers Training/Health Inspector Course/Sanitary Inspector Course" shall be deleted and in "Note" add the following

"The Employees promoted as field assistant/ insect collector based on the above provisions shall undergo multi purpose workers Training immediately".

4. In rule 4 column 3 "Note" to "Field Assistant/Insect Collector", after the word "SSLC" the words "with Multi Purpose Workers Training/Health Inspector Course/ Sanitary Inspector Course" shall be deleted.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 2, 3 നമ്പർ ഭേദഗതികളും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

1-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

**അറിയിപ്പ്**

(1) സ്റ്റീഫൻ വില്യം ഹോക്കിംഗിന്റെ നിര്യാണം

വിഖ്യാതനായ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ വില്യം ഹോക്കിംഗ് അന്തരിച്ചു. ആധുനിക പ്രപഞ്ച ശാസ്ത്രത്തിന് രൂപം നൽകുന്നതിൽ പ്രമുഖ പങ്കു വഹിച്ച അദ്ദേഹം ആൽബർട്ട് ഐൻസ്റ്റീനുശേഷം ലോകംകണ്ട പ്രതിഭാധനനായ

ശാസ്ത്രജ്ഞനായിരുന്നു. ശാസ്ത്രജ്ഞനെന്ന നിലയിലും ശാരീരികമായി അതിജീവിക്കാനിടയില്ലാത്തവിധം പരിമിതികളുള്ള വ്യക്തി എന്ന നിലയിലും അത്ഭുതമായിരുന്ന അദ്ദേഹത്തിന് കേരള നിയമസഭയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(2) ശ്രീ. കെ. പി. രാമനുണ്ണിയുടെ 'ദൈവത്തിന്റെ പുസ്തക'ത്തെപ്പറ്റി ചർച്ചയും സംവാദവും

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് സഭാസമ്മേളനത്തിനുശേഷം കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ശ്രീ. കെ.പി.രാമനുണ്ണിയുടെ 'ദൈവത്തിന്റെ പുസ്തക'മെന്ന ഗ്രന്ഥത്തെ സംബന്ധിച്ച് ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ചർച്ചയും സംവാദവും സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളെയും പ്രസ്തുത പരിപാടിയിലും തുടർന്നുള്ള സംഗീതസന്ധ്യയിലും അത്താഴവിരുന്നിലും ക്ഷണിക്കുന്നു.

## V.ധനകാര്യം

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് (5497,86,31,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ (183,53,10,000 രൂപ)

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പുരോഗതി നേടിയ രാജ്യങ്ങളെല്ലാം കൂടുതൽ നിക്ഷേപം നടത്തിയിട്ടുള്ളത് റോഡുകളുടെയും പാലങ്ങളുടെയും റെയിൽവേകളുടെയും നിർമ്മാണത്തിലാണെന്ന കാര്യം മനസ്സിലാക്കി സംസ്ഥാനത്തും അത്തരമൊരു പുരോഗതി കൈവരിക്കുന്നതിനുള്ള ശ്രമമാണ് പൊതുമരാമത്ത് വകുപ്പ്

നടത്തിക്കൊണ്ടിരിക്കുന്നത്. അഴിമതി ഇല്ലാതാക്കുന്നതിന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. നീതിപൂർവ്വവും സുതാര്യവുമായാണ് പൊതുമരാമത്ത് വകുപ്പ് ഫണ്ട് വിനിയോഗിക്കുന്നത്. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ അഴിമതിയില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനും നടപടി സ്വീകരിച്ചു. ആധുനിക രീതിയിൽ കെട്ടിട നിർമ്മാണങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനായി പഠനങ്ങൾ നടത്തി ഡിസൈൻ എഞ്ചിനീയർമാർക്ക് പ്രത്യേക പരിശീലനം നൽകി. പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുകയും റബ്ബറൈസ്ഡ് റോഡുകൾ വ്യാപകമായി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും പരിസ്ഥിതി സൗഹാർദ്ദപരമായ റോഡ് നിർമ്മാണം നടത്തുന്നതിന് ജർമ്മൻ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുകയും ചെയ്തു. തീരദേശ-മലയോര ഹൈവേകളുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ മുഖച്ഛായ മാറുന്നതാണ്. ഏനാത്ത് പാലം സമയബന്ധിതമായി പുനർനിർമ്മിച്ചതും പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയതും അഭിനന്ദനാർഹമാണ്. കിഫ്ബിയിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ബലക്ഷയമുള്ള പാലങ്ങൾ നവീകരിക്കുന്നതിനും 10 പാലങ്ങളിലെ ടോൾ പിരിവ് നിർത്തലാക്കുന്നതിനും

ദീർഘകാലമായി മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചു.

<u>ശ്രീ. അടൂർ പ്രകാശ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പൊതുമരാമത്തുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കിഫ്ബിയുടെ ഭരണച്ചുമതല പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണം. കഴിഞ്ഞ സാമ്പത്തിക വർഷം എം.എൽ.എ.-മാർ നൽകിയ 10 കോടി രൂപയുടെ പ്രൊപ്പോസലിന് അനുമതി ലഭിക്കാത്തത് സംബന്ധിച്ച് പരിശോധിക്കണം. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കണം. പുനലൂർ-മൂവാറ്റുപുഴ റോഡിന്റെയും കോന്നി ബൈപ്പാസിന്റെയും പണി ആരംഭിക്കുന്നതിനും കോന്നി മെഡിക്കൽ കോളേജിലേയ്ക്കുള്ള റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഡി.പി.ആർ. തയ്യാറായ വർക്കുകൾ തുടർന്നുള്ള ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത്-തുറമുഖ വകുപ്പുകൾ കാര്യക്ഷമമാക്കുന്നതിനും പക്ഷപാതരഹിതമായ ഭരണം കാഴ്ചവയ്ക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ഫണ്ടുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ റോഡുകൾക്കും പാലങ്ങൾക്കും കെട്ടിടങ്ങൾക്കും കൂടുതൽ

പ്രാധാന്യം നൽകേണ്ടതാണ്. ഓരോ വർഷവും പത്ത് കോടി രൂപ വീതം റോഡുകൾക്ക് അധികമായി അനുവദിക്കുന്നതിനെടുത്ത തീരുമാനവും പദ്ധതികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പൊതുമരാമത്ത് വകുപ്പിൽ ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ നിയോഗിച്ചതും വിജിലൻസിനെ ശക്തിപ്പെടുത്തിയതും സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കിയതും പ്രശംസനീയമാണ്. ഇന്റർനാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തിയ സ്കൂളുകളുടെ പശ്ചാത്തല വികസനത്തിനും തീരദേശ/മലയോര ഹൈവേകൾക്കുള്ള പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കുന്നതും വേസ്റ്റ് പ്ലാസ്റ്റിക്, നാച്ചുറൽ റബ്ബർ മിക്സ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്ന പദ്ധതിയും സ്വാഗതാർഹമാണ്. മുഴുവൻ പി.ഡബ്ല്യു.ഡി. റോഡുകളും ഇരട്ടവരിപ്പാതകൾ ആക്കുന്നതിനും വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷനിലൂടെ മരാമത്ത് പണികൾ നടത്തുന്നതിനും റോഡ് രജിസ്റ്റർ കൃത്യമായി മെയിന്റയിൻ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. റോഡ് പരിപാലനത്തിനായി എൻ.എം.ആർ. തൊഴിലാളികളെ നിയോഗിക്കുന്ന കാര്യം പരിഗണിക്കണം. കൊടുങ്ങല്ലൂർ-മുനയ്ക്കൽ തുറമുഖത്ത് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡുകൾക്ക് എ.എസ്. നൽകുന്നതിനോ

ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിനോ ഇതുവരെ സാധിച്ചിട്ടില്ല. എൻ.എച്ച്./പി.ഡബ്ല്യു.ഡി. റോഡുകളുടെ പ്രി-മൺസൂൺ വർക്കുകൾ യഥാസമയം ചെയ്യുന്നതിനും കാസർഗോഡ് ജില്ലയിലെ മരാമത്ത് പണികൾക്കാവശ്യമായ ടാർ മംഗലാപുരം റിഫൈനറിയിൽനിന്നും കൊണ്ടുവരുന്നതിനും ആവശ്യമായ വാഹനങ്ങളുൾപ്പെടെ ലഭ്യമാക്കി പി.ഡബ്ല്യു.ഡി.-ക്വാളിറ്റി വിംഗിനെ ശക്തിപ്പെടുത്തുന്നതിനും കാസർഗോഡ് ജില്ലയിൽ പി.ഡബ്ല്യു.ഡി. കോംപ്ലക്സ് പണിയുന്നതിനും നടപടി സ്വീകരിക്കണം. ദേശീയ പാതയുടെ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കുന്നതിനും കാസർഗോഡ് ചൗക്കയിൽ നിന്നും വിദ്യാനഗർ വഴി ഒരു ബൈപ്പാസ് റോഡ് പ്രാവർത്തികമാക്കുന്നതിനും പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനായി എം.എൽ.എ.-മാർക്ക് ഫണ്ട് അനുവദിക്കുന്നതിനും വർഷാവർഷം ഒന്നോ രണ്ടോ പഞ്ചായത്ത് റോഡുകൾ പി.ഡബ്യു.ഡി. ഏറ്റെടുക്കുന്നതിനും കാസർഗോഡ് തുറമുഖം സജീവമാക്കുന്നതിനാവശ്യമായ പഠനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് രംഗത്ത് വൻ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. വടകര, കൊയിലാണ്ടി താലൂക്കുകളിലെ

ഗതാഗതക്കുരുക്ക് ഒഴിവാക്കി സഞ്ചാര സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിച്ചു. വെള്ളിക്കുളങ്ങര-ഒഞ്ചിയം റോഡ് വികസനം, വടകര ജില്ലാ ആശുപത്രിയിലെ മരാമത്ത് ജോലികൾ എന്നിവ പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ വകുപ്പിൽ വിന്യസിക്കുന്നതിനും ടെൻഡർ നടപടികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കി സമയബന്ധിതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. വടകര തുറമുഖം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതും തുറമുഖത്തുനിന്നും മണൽ വാരുന്ന പ്രവൃത്തിയിലൂടെ വരുമാനമുണ്ടാക്കാൻ സാധിച്ചതും നിരവധിപേർക്ക് ഉപജീവനത്തിന് സഹായകരമായതും അഭിനന്ദനാർഹമാണ്.

ശ്രീ. പി. സി. ജോർജ്: എല്ലാ നിയോജകമണ്ഡലങ്ങളിലും തുല്യനീതി ഉറപ്പുവരുത്തിക്കൊണ്ട് സമഗ്ര വികസനം യാഥാർത്ഥ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിന് സാധിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ നിലനിന്നിരുന്ന കെടുകാര്യസ്ഥത ഇല്ലാതാക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികളിന്മേൽ സത്വര പരിഹാരമുണ്ടാക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. എൻ. വിജയൻ പിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദേശീയ പാതയുടെയും പൊതുമരാമത്ത് റോഡുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഡിസൈനിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലെ നടപടികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ചവറ മണ്ഡലത്തിലെ തീരദേശ ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. കിഫ്ബിയിൽ ഉൾപ്പെടുത്തി റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞതും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതി പരിഹരിച്ചതും വകുപ്പിന്റെ നേട്ടമാണ്. പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പുതുക്കുന്നതിനും സമയബന്ധിതമായി റോഡ് ടാറിംഗ് നടപടി പൂർത്തീകരിക്കുന്നതിനും ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതി ഇല്ലാതാക്കുന്നതിനും ടാറിംഗിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും പുനർ ദർഘാസ് നടപടികൾ ഒഴിവാക്കുന്നതിനും പൊതുമരാമത്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും നടപടി സ്വീകരിക്കണം. കഴക്കൂട്ടം-ചേർത്തല ദേശീയ പാത വികസനത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നീണ്ടകര തുറമുഖം പുനരുദ്ധരിക്കുന്നതിനും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. കെ. സി. മമ്മത് കോയ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

പൊതുമരാമത്ത് വകുപ്പിൽ വികസന പ്രവർത്തനങ്ങൾ കൊണ്ടുവരുന്നതിനും വകുപ്പിലെ അഴിമതി കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കും റീസൈക്ലിംഗ് ടെക്നോളജിയും ഉപയോഗിക്കണം. ഇൻവെസ്റ്റിഗേഷനിലും ഡിസൈനിംഗിലും കാലാനുസൃതമായ മാറ്റം വരുത്തി പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണശൈലി ഏർപ്പെടുത്തണം. റോഡ് വികസന പ്രവൃത്തികൾക്ക് സ്ഥലമേറ്റെടുക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്കായി പുനരധിവാസ പാക്കേജ് നടപ്പാക്കണം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളുടെ ഉറപ്പ് സംബന്ധിച്ച സർവ്വേ പൂർത്തീകരിച്ച് പുനർ നിർമ്മിക്കാൻ സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട് ജില്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അധികാര പരിധി ഉയർത്തണം. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം ഇലക്ട്രിക്കൽ വർക്ക് ചെയ്യുന്ന രീതി അവലംബിക്കണം. വിഴിഞ്ഞം കരാറിനെതിരെ സി.എ.ജി. റിപ്പോർട്ടിൽ രൂക്ഷവിമർശനമാണുള്ളത്. അഴീക്കൽ തുറമുഖത്തിന്റെ വികസനപ്രവർത്തനം മാതൃകാപരമാണ്. ബേപ്പൂർ കോവിലകം ഭൂമി ഏറ്റെടുക്കൽ വികസന പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കും. ബേപ്പൂർ തുറമുഖത്തെ കപ്പൽ ചാലിന്റെ ആഴം 7 മീറ്ററായി വർദ്ധിപ്പിക്കുകയും വാർഫിന്റെ നീളം 200 മീറ്ററാക്കുന്നതിനുള്ള

പ്രവർത്തനം ആരംഭിക്കുകയും ചെയ്യണം. വാർഫുണ്ടാക്കാൻ 2012-ൽ ലക്ഷദ്വീപുമായുണ്ടാക്കിയ കരാർ റദ്ദാക്കി തുറമുഖ വകുപ്പ് നേരിട്ട് പ്രവൃത്തി ഏറ്റെടുക്കണം.

ശ്രീ. മോൻസ് ജോസഫ്: സംസ്ഥാനത്ത് റോഡ് വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്നത് അഭിമാനകരമാണ്. ബൈപ്പാസ് റോഡുകളും ഫ്ലൈഓവറുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കണം. സംസ്ഥാനത്ത് ജലപാതാ വികസനം അനിവാര്യമാണ്. പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് വിഴിഞ്ഞം തുറമുഖം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. കിഫ്ബി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും കുറവ് പരിഹരിക്കുകയും ടാറിന്റെ ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും വേണം. പ്രീ മൺസൂൺ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കണം. പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണം. മെറ്റീരിയൽസ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ക്വാറികളെ നിയന്ത്രിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കണം. ഗവൺമെന്റ് സെക്ടറിലുള്ള ക്വാറികൾ ലീസിന് കൊടുക്കുന്നതിന്റെ സാധ്യത പരിശോധിക്കണം. കരാറുകാരുടെ കുടിശ്ശിക തീർക്കാനാവശ്യമായ നടപടി സ്വീകരിക്കണം. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട്

പദ്ധതി തയ്യാറാക്കണം.

<u>ശ്രീ. എം. മുകേഷ്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. റോഡ് അറ്റകുറ്റപ്പണികൾ, പുതിയ റോഡ് പദ്ധതികൾ, കരാറിലെ അഴിമതി നിയന്ത്രിക്കൽ മുതലായ നടപടികളിലൂടെ സംസ്ഥാനത്തെ റോഡുകളുടെ പൊതുനിലവാരം അഭിമാനകരമായ നിലയിൽ ഉയർന്നിരിക്കുകയാണ്. പൊതുമരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതി മന്ത്രി നേരിട്ട് കേൾക്കുകയും ഇടപെടുകയും ചെയ്യുന്ന എന്നത് അനുകരണീയ മാതൃകയാണ്. കരാർ/ഉദ്യോഗസ്ഥ ലോബികളുടെ അഴിമതി തടയുന്നതിനും റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും റോഡ് നിർമ്മാണത്തിൽ പുതിയ പരീക്ഷണങ്ങളും സാങ്കേതിക വിദ്യകളും നടപ്പിലാക്കുന്നതിനും സർക്കാരിന് സാധിച്ചു. ആലപ്പുഴ-കഴക്കൂട്ടം-കൊല്ലം ബൈപ്പാസ് റോഡിന്റെ നിർമ്മാണവും മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഭൂരിഭാഗവും ഗതാഗത വികസനത്തിനാണ് വിനിയോഗിക്കുന്നത്. ദേശീയപാത പദ്ധതികളുടെ നിർമ്മാണത്തിന് അനുവദിക്കുന്ന തുക കൃത്യമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിൽ കേരളം മുന്നിലാണ്. കേന്ദ്ര ഗവൺമെന്റിൽ യഥാസമയം പ്രോജക്ടുകൾ സമർപ്പിച്ച് കേന്ദ്ര റോഡ് ഫണ്ടിൽനിന്നുള്ള തുക നേടിയെടുക്കാൻ സർക്കാരിന് സാധിച്ചുവെന്നത്

അഭിനന്ദനാർഹമാണ്. 1550 കോടി രൂപയുടെ സംസ്ഥാന വിഹിതം വിനിയോഗിച്ച് സംസ്ഥാന-ജില്ലാ പാതകളുടെ നവീകരണം നടന്നുവരികയാണ്. 2005 കോടി രൂപയുടെ പത്ത് പ്രധാന റോഡുകളുടെ നിർമ്മാണ പ്രവർത്തനം കെ.എസ്.ടി.പി. വഴി പൂർത്തീകരിച്ചുവരികയാണ്.

തീരദേശ കപ്പൽ ഗതാഗത വികസനത്തിന് ഉതകുന്ന നയമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളുടെ വികസനത്തിന് സഹായകരമായ നടപടികളും സ്വീകരിച്ചു. കൊല്ലം തുറമുഖത്ത് നൂറ് മീറ്റർ നീളത്തിൽ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. തുറമുഖത്തിന്റെ വളർച്ചയ്ക്ക് സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടൽ ആവശ്യമാണ്.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിഴിഞ്ഞം പദ്ധതി കരാർ പ്രകാരം പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. റെയിൽ കണക്ടിവിറ്റിക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്നതും ഏറ്റെടുത്ത വർക്കുകളുടെ പ്രോജക്ട് ഇവാല്യുവേഷനും മോണിറ്ററിംഗും യഥാസമയം പൂർത്തീകരിക്കുന്നില്ലെന്നതും ഖേദകരമാണ്. തുറമുഖങ്ങളുടെ വികസന നടപടികളിൽ സർക്കാർ മെല്ലെപ്പോക്ക് നയമാണ് സ്വീകരിച്ചുവരുന്നത്. പി.ഡബ്ല്യൂ.ഡി. ബിൽഡിംഗുകളുടെ എസ്റ്റിമേറ്റ് തുക യുക്തിക്ക്

നിരക്കാത്തതാണ്. ഗവൺമെന്റ് സ്കൂൾ ബിൽഡിംഗുകൾ നിർമ്മിക്കുന്നതിനുള്ള അവകാശം പി.ടി.എ.-യ്ക്ക് നൽകണം.

<u>ശ്രീ. എ. എം. ആരിഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പ് അഴിമതി വിമുക്തമാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം സത്യസന്ധവും കാര്യക്ഷമതയോടുംകൂടി പ്രവർത്തിക്കുന്നവർക്ക് അവാർഡും അംഗീകാരവും നൽകി പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കണം. സംസ്ഥാനത്തെ പല റോഡുകളേയും അന്തർദേശീയ നിലവാരത്തിലെത്തിക്കാനും ബി.എം.& ബി.സി. പ്രകാരം 447 കി.മീ റോഡും വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് 47 കി.മീ. റോഡും നിർമ്മിക്കാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ റോഡ് നിർമ്മാണരീതികളേയും നിർമ്മാണ പ്രവർത്തനങ്ങളെയും നിർമ്മാണ മേഖലയിലുണ്ടാകുന്ന മാറ്റങ്ങളെയുംപറ്റി പ്രതിപാദിക്കുന്ന ജേർണൽ പ്രസിദ്ധീകരിക്കാൻ തയ്യാറാകണം. ആലപ്പുഴ കനാലുകൾക്ക് കുറുകെയുള്ള പാലങ്ങളുടെ നിർമ്മാണത്തിലെ അപാകത പരിശോധിക്കാനും പെരുമ്പളം പാലം നിർമ്മാണത്തിനായി ആർക്കിടെക്ചറൽ ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്താനും കേരളത്തിന്റെ വാസ്തുശില്പ മാതൃകയിൽ സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കാനും നടപടി സ്വീകരിക്കണം. കെട്ടിട നിർമ്മാണത്തിലുണ്ടാകുന്ന കാലതാമസം

ഒഴിവാക്കുന്നതിനായി അനിവാര്യഘട്ടങ്ങളിൽ മാത്രം സി.ടി.ഇ.യുടെ അനുമതി വാങ്ങിയാൽ മതിയെന്ന നിർദ്ദേശം നൽകാനും ആലപ്പുഴയിലെ മറീന പോർട്ട് കം ബീച്ച് പദ്ധതിയുടെ തൽസ്ഥിതി സംബന്ധിച്ച് വിശദീകരിക്കാനും തയ്യാറാകണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് റോഡുകളും ഗതാഗത സൗകര്യങ്ങളും വിപുലീകരിക്കുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അടിസ്ഥാന സൗകര്യ വികസന നിക്ഷേപങ്ങൾക്ക് മുൻഗണന നൽകിയും ആധുനിക സുസ്ഥിര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുമുള്ള നിരത്തുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണവും സംരക്ഷണവുമാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയവും എസ്റ്റിമേറ്റിലെ ന്യൂനതയും മേൽനോട്ടത്തിലെ വീഴ്ചയും അഴിമതിയും ഇല്ലാതാക്കി പി.ഡബ്ല്യൂ.ഡി.യെ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നിലപാട് സ്വാഗതാർഹമാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സുരക്ഷയ്ക്ക് മുൻഗണന നൽകുന്നതോടൊപ്പം ജംഗ്ഷനുകൾ വികസിപ്പിക്കാനും മെച്ചപ്പെടുത്താനും ട്രാഫിക് സൈൻ ബോർഡുകളും ട്രാഫിക് ലൈറ്റുകളും സ്ഥാപിക്കാനും സ്കൂൾ മേഖലകളിൽ നിരീക്ഷണ ക്യാമറകളും റിഫ്ലക്ടറുകളും ക്രാഷ് ബാരിയറുകളും സ്ഥാപിച്ച് റോഡ് സുരക്ഷ സുശക്തമാക്കാനുമുള്ള നീക്കം അഭിനന്ദനാർഹമാണ്.

പി.ഡബ്ല്യൂ.ഡി. മാനുവൽ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ പേമെന്റ് ലഭ്യമാകണമെങ്കിൽ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്ന സർക്കാർ നിലപാടും സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ നിലവിലെ പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിൽ ഭാവനാസമ്പന്നമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള പണം ബഡ്ജറ്റിൽത്തന്നെ നീക്കിവയ്ക്കുന്നതിനും സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സാധിക്കണം. റോഡിന്റെ സമീപത്ത് ഡെക്ക് നിർമ്മിക്കുകയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുകയും വേണം. ആധുനിക സാങ്കേതിക വിദ്യാ പരിശീലനത്തിനായി എഞ്ചിനീയർമാരെ വിദേശ രാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലും അയയ്ക്കുന്നതിന് നടപടിയുണ്ടാകണം. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് പരമാവധി പണം നേടിയെടുക്കാൻ ശ്രമിക്കണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

പ്രതിപക്ഷത്തെ ഒരംഗത്തിനുപോലും ഒരു മന്ത്രിയുടെ പേരിലും അഴിമതി ആരോപണമുന്നയിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് അഭിമാനാർഹമാണ്. പൊതുമരാമത്ത് വകുപ്പിൽ വലിയ മാറ്റമുണ്ടാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. എഞ്ചിനീയർമാർക്കും കരാറുകാർക്കുമുള്ള പരിശീലന പരിപാടികൾ ഗവൺമെന്റ് ആരംഭിച്ചിരിക്കുകയാണ്. നിർമ്മിതികളുടെ ഉറപ്പ് എഞ്ചിനീയർമാരുടെയും കരാറുകാരുടെയും നിയമപരമായ ബാധ്യതയാക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം. ജോലി ചെയ്യാത്ത എഞ്ചിനീയർമാരുടെ തസ്തികകൾ അബോളിഷ് ചെയ്ത് പൂൾ ചെയ്യുന്നതിനും വകുപ്പുതലത്തിൽ അവലോകനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. പൊതുമരാമത്ത് പ്രവൃത്തികൾ നടക്കാത്ത മണ്ഡലങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും ആസ്തികളെ സംബന്ധിച്ചുള്ള പ്രോപ്പർ ഡോക്യുമെന്റേഷൻ തയ്യാറാക്കുകയും റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ പ്രവർത്തനക്ഷമമാക്കുകയും വേണം. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുകയും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിന് വകുപ്പുതല ഏകോപനം ആവശ്യമാണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാൻ പോകുന്നത്

സ്വാഗതാർഹമാണ്. മഴ കൂടുതലുള്ള രാജ്യങ്ങളിൽ റോഡ് ടാറിംഗിന് ഉപയോഗിക്കുന്ന ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം. നാഷണൽ ഹൈവേ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക അനുമതിയും വനം വകുപ്പിന്റെ അനുമതിയും ലഭ്യമാക്കുന്നതിന് അടിയന്തര ഇടപെടലുണ്ടാകണം. റോഡ് കയ്യേറ്റം അവസാനിപ്പിക്കുന്നതിനും റോഡുകളിൽ ഉപേക്ഷിക്കപ്പെടുന്ന വാഹനങ്ങൾ മാറ്റുന്നതിനും നടപടി സ്വീകരിക്കണം. നിരന്തരം അപകടങ്ങളുണ്ടാകുന്ന പ്രദേശങ്ങളെ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുകയും സീബ്രാ ലൈനുകളിൽ ക്ലൗഡ് ക്യാമറകൾ സ്ഥാപിക്കുകയും ചെയ്യണം. വലിയ വളവുകളിൽ എതിരെ വരുന്ന വാഹനങ്ങളെ തിരിച്ചറിയാൻ അലാറം അടക്കമുള്ള പുതിയ ടെക്നോളജിയെക്കുറിച്ച് ആലോചിക്കണം. റോഡരികിൽ നിൽക്കുന്ന മരങ്ങളും പോസ്റ്റുകളും മാറ്റുന്നതിന് നടപടി സ്വീകരിക്കണം. മാലിന്യ നിക്ഷേപം, മലിനജലമൊഴുക്കൽ, വഴിയോര കച്ചവടം, വാഹന പാർക്കിംഗ് എന്നിവയിലൊക്കെ ഗൗരവതരമായ ഇടപെടലുണ്ടാകണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സത്യസന്ധവും ധീരവുമായ നിലപാടുകളിലൂടെയാണ് സർക്കാർ ഈ വകുപ്പിനെ നയിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20

പാലങ്ങൾ പൂർത്തീകരിക്കുകയും 6 പാലങ്ങളുടെ പുനർനിർമ്മാണം നടത്തുകയും ചെയ്തു. ആലപ്പുഴയിൽ ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള റോഡ് നിർമ്മാണം മാതൃകാപരമാണ്. റോഡ് നിർമ്മാണത്തിനായി പുതിയ സാങ്കേതിക വിദ്യകൾ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. പൊതുമരാമത്ത് വകുപ്പിൽ ദീർഘവീക്ഷണത്തോടെയുള്ള മാറ്റങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വകുപ്പിന് കീഴിലുള്ള പരാതി പരിഹാര സെല്ലിന് ലഭിച്ച 3580 പരാതികളിൽ 3058 എണ്ണത്തിനും പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. നൂറ് വർഷമെങ്കിലും നിലനിൽക്കണമെന്ന കാഴ്ചപ്പാടോടെയാണ് പാലങ്ങൾ നിർമ്മിച്ചുവരുന്നത്. വകുപ്പിന് കീഴിൽ വൃത്തിഹീനമായി കിടക്കുന്ന കലുങ്കുകൾ പെയിന്റ് ചെയ്യുന്നതിനും ടോൾ പിരിവുകൾ നിർത്തലാക്കുന്നതിനും നടപടി സ്വീകരിക്കണം. 20,000 കോടി രൂപയുടെ കിഫ്ബി വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യപ്രശ്നങ്ങളോട് ക്രിയാത്മക നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുള്ള ഫണ്ട് പി.ഡബ്ല്യു.ഡി. ലഭ്യമാക്കണം. ലൈറ്റ് മെട്രോയുടെ നിർമ്മാണപ്രവർത്തനങ്ങളിൽ നിന്നും ഡി.എം.ആർ.സി.യെയും ശ്രീ. ഇ. ശ്രീധരനെയും ഒഴിവാക്കിയ നടപടി അപലപനീയമാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കഴിഞ്ഞ 21 മാസത്തിനുള്ളിൽ അറ്റകുറ്റപ്പണികൾക്കായി 836 കോടി രൂപയും റോഡുകളും പാലങ്ങളുമടക്കം 768 വർക്കുകൾക്കായി 1439 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. നബാർഡിൽനിന്നുള്ള 53 വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. ശബരിമലയിൽ 349 വർക്കുകൾക്കായി 174 കോടി രൂപയും ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് 5 വർക്കുകൾക്കായി 2 കോടി രൂപയും ചെലവഴിച്ചു. ഹിൽ, കോസ്റ്റൽ ഹൈവേകൾക്ക് പതിനായിരം കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കെ.എസ്.ടി.പി.യിലെ 8 പ്രോജക്ടുകളിൽ മാറ്റിവച്ച പുനലൂർ-മൂവാറ്റുപുഴ പ്രോജക്ട് സ്റ്റാന്റ് എലോൺ പ്രോജക്ടായി 2020 ഏപ്രിൽ മാസംവരെ കാലാവധി നീട്ടി കിട്ടിയിട്ടുണ്ട്. ബാക്കി ഏഴെണ്ണവും ഡിസംബർ മാസത്തോടെ പൂർത്തീകരിക്കും. സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിലൂടെ 50 റോഡുകൾക്കായി 641 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 168 വർക്കുകളും ആർ.ബി.ഡി.സി 283 വർക്കുകളും ഏറ്റെടുത്തിട്ടുണ്ട്. നാഷണൽ ഹൈവേയ്ക്കുവേണ്ടി കേന്ദ്ര സഹായത്തോടെ 2126 കോടി രൂപ ചെലവഴിച്ച് 57 വർക്കുകൾ പൂർത്തീകരിച്ചു. തലശ്ശേരി-മാഹി ബൈപ്പാസിന്റെ പണിയാരംഭിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ നാലുവരിപാതയാക്കാനുള്ള പണികൾ നടന്നുകൊണ്ടിരിക്കുന്നു. വടകര മണ്ഡലത്തിലെ മൂരാട്, പാലോളി പാലങ്ങൾ പണിയുന്നതിന് അനുകൂലമായ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ

കാലത്ത് തുടങ്ങിയ ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ് പ്രോഗ്രാം 5 എണ്ണം തുടരുന്നുണ്ട്. ആകെ 82603 കോടി രൂപയുടെ 15181 വർക്കുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ട്. അഞ്ചുവർഷത്തിനുള്ളിൽ ഒരു ലക്ഷത്തിഇരുപത്തയ്യായിരം കോടി രൂപയുടെ വർക്കുകൾ സംസ്ഥാനത്ത് നടക്കുമെന്നാണ് കരുതുന്നത്. പ്ലാൻ ഫണ്ട് കഴിഞ്ഞ ജൂലൈ വരെയുള്ള കണക്കനുസരിച്ച് 121 ശതമാനം ചെലവഴിക്കുകയും നാലായിരം കോടി രൂപയുടെ വർക്കുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരുടെ കുടിശ്ശിക എൺപത് ശതമാനവും കൊടുത്തു തീർത്തു. മുൻവർഷത്തേക്കാൾ പദ്ധതി-പദ്ധതിയേതര ഇനങ്ങളിൽ പൊതുമരാമത്ത് വകുപ്പിന് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ ഓവർസിയർ, എഞ്ചിനീയർ തസ്തികകളിലായി 2476 നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരില്ലെന്നത് വസ്തുതയാണ്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലായി ഗവൺമെന്റ് ജീവനക്കാർക്ക് പുതിയ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 259 കോടി രൂപയും ദേശീയപാതയിലെ പ്രവൃത്തികൾക്കായി 1181 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കേന്ദ്രസഹായത്തോടെ ദേശീയപാതയിലെ ഏകദേശം റോഡുകളും ഓവർലേ ചെയ്യുകയും ബാക്കിയുള്ളവ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ചെയ്യുന്നതുമാണ്. നാലുവരിപ്പാതയാക്കി ദേശീയപാതയെ ലോകനിലവാരത്തിലെത്തിക്കുന്നതാണ്.

ദേശീയപാതയ്ക്കായി ഭൂമി ഏറ്റെടുക്കുന്നുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുസരിച്ച് റോഡ് നിർമ്മാണത്തിൽ സാർവ്വത്രികമായി ജർമ്മൻ ടെക്നോളജി ഉപയോഗിക്കാൻ സാധിക്കുകയില്ല. കോൺട്രാക്ടേഴ്സ് അക്കാദമി ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിയോജകമണ്ഡലങ്ങളുടെയും പി.ഡബ്ല്യു.ഡി. റോഡുകളുടെയും സ്ഥിതി കണക്കിലെടുത്താണ് റോഡുനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്. കേരളത്തിലെ റസ്റ്റ് ഹൗസുകൾ നവീകരിക്കുകയും മുറി വാടക വർദ്ധിപ്പിക്കുകയും ഗവൺമെന്റ് ഗസ്റ്റ് ഹൗസിലുള്ളതുപോലെ റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് യൂണിഫോം അനുവദിക്കുകയും എം.പി./എം.എൽ.എ.-മാർക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാലം നിർമ്മാണത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതും അപകടാവസ്ഥയിലായ പാലങ്ങൾ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. നാല് മേൽപ്പാലങ്ങൾ ഉദ്ഘാടനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മേൽപ്പാലങ്ങളും കുതിരാൻ തുരങ്കവും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ടത്തിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ, കൊല്ലം

ബൈപ്പാസുകളുടെ പണി പുരോഗമിക്കുന്നു. പൊതുമരാമത്തും ഗതാഗതവുമടങ്ങുന്ന V-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ എല്ലാ ശിപാർശകളും ധനകാര്യവകുപ്പ് അംഗീകരിച്ചിട്ടുണ്ടെന്നുള്ളത് പ്രതീക്ഷാനിർഭരമാണ്. പി.ഡബ്ല്യൂ.ഡി.-യെ അഴിമതി വിമുക്തമാക്കുന്നതിന്റെ ഭാഗമായി എഴുപത് എഞ്ചിനീയർമാർക്കെതിരെ നടപടി സ്വീകരിക്കുകയും ഡിസൈൻ വിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് കേന്ദ്രങ്ങളാക്കി വിഭജിച്ച് കോഴിക്കോട്ടും എറണാകുളത്തും കൂടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോന്നി ബൈപ്പാസിന്റെയും മെഡിക്കൽ കോളേജ് റോഡിന്റെയും പണി ആരംഭിക്കുന്നതും പുനലൂർ-മൂവാറ്റുപുഴ റോഡ് പണിയുടെ തടസ്സങ്ങൾ നീക്കുന്നതുമാണ്. വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷനോടുകൂടി മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതും കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നിലപാടെടുക്കുന്നതുമാണ്. വെള്ളിക്കുളങ്ങര-ഞ്ചിയം റോഡിന്റെ ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതും എൻ.എം.ആർ തൊഴിലാളികളെ നിയോഗിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും പി.ഡബ്ല്യൂ.ഡി ജേർണൽ ആരംഭിക്കുന്നതിനും എഞ്ചിനീയർമാരെ പ്രോത്സാഹിപ്പിക്കുന്നതിനും ടോളുകൾ നിർത്തലാക്കുന്നതുൾപ്പെടെയുള്ള എല്ലാ നിർദ്ദേശങ്ങളും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഓഖി ദുരന്തം, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം എന്നിവ മൂലം തടസ്സപ്പെട്ടിരുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി പ്രഖ്യാപിച്ച സമയത്തിനുള്ളിൽ തീർക്കുന്നതിനും ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിനകം എൺപത്തിയെട്ടോളം കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും അഞ്ച് സെന്റ് വീതം ഭൂമിയും നൽകുന്നതിനും പരാതികൾ പരിഗണിക്കുന്നതിനായി ആർ.ഡി.ഒ. ചെയർമാനായ ഉപജീവനാഘാത സമിതിയും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ അപ്പീൽ കമ്മിറ്റിയും രൂപീകരിക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട കരമടി/ചിപ്പി/റിസോർട്ട് തൊഴിലാളികൾക്ക് 28.28 കോടി രൂപ നഷ്ടപരിഹാരം നൽകുന്നതിനും യന്ത്രവത്കൃത ബോട്ടുകളുടെ മണ്ണെണ്ണ വിതരണത്തിനായി മത്സ്യഫെഡിന് 1.48 കോടി രൂപ കൈമാറുന്നതിനും സാധിച്ചിട്ടുണ്ട്. കൂടുതൽ കരമടി തൊഴിലാളികൾ തൊഴിൽ രഹിതരായിട്ടുണ്ടെന്ന റിപ്പോർട്ട് ലഭ്യമായാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതും അടിമലത്തുറയിലെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. കൊല്ലം തുറമുഖത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആഴം പന്ത്രണ്ട് മീറ്റർ ആക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിറ്റ്കോ-യെ ഏൽപ്പിച്ചതിനുപുറമെ ടി

പ്രവർത്തനങ്ങൾ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തിരിച്ചുപോകുന്ന കപ്പലുകൾ ചരക്കുകയറ്റി പോകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആലപ്പുഴ തുറമുഖത്ത് മറീന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പാരിസ്ഥിതിക പഠനം പുരോഗമിക്കുന്നതോടൊപ്പം സ്റ്റാഫ് ക്വാർട്ടേഴ്സും നവീകരിച്ച സിഗ്നൽ സ്റ്റേഷനുമുൾപ്പെടെയുള്ള ഓഫീസ് സമുച്ചയം ഉദ്ഘാടനം ചെയ്തിട്ടുമുണ്ട്. കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനായി പദ്ധതി പ്രദേശം കായലിൽനിന്നും ഉയർത്തിയെടുക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. കാസർഗോഡിനെ ശ്രദ്ധേയമായ തുറമുഖമാക്കി മാറ്റിയെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വടകര തുറമുഖത്തിന്റെ ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയായിവരുന്നു. നീണ്ടകര തുറമുഖം വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അഴീക്കൽ പോർട്ട് വികസനത്തിനായി ഒരു എസ്.പി.വി. രൂപീകരിക്കുകയും ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുകയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ നീളമുള്ള വാർഫ് നിർമ്മിക്കുന്നതിനുള്ള പദ്ധതി സാഗർമാല പദ്ധതിൽ ഉൾപ്പെടുത്തി കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി 3000 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 600 മീറ്ററോളം പ്രവൃത്തികൾ പൂർത്തീകരിക്കുകയും 800 മീറ്റർ നീളമുള്ള

ബെർത്തിന്റെ പൈലുകൾ താഴ്ത്തുന്ന പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയും 615 പൈലുകളിൽ 143 പൈലുകൾ താഴ്ത്തുകയും ചെയ്തിട്ടുണ്ട്. 53 ഹെക്ടർ കടൽ നികത്തൽ പ്രവൃത്തിയിൽ 33 ഹെക്ടറോളം പൂർത്തീകരിക്കുകയും തിരുവനന്തപുരം-നാഗർകോവിൽ റെയിൽപാത തുറമുഖവുമായി ബന്ധിപ്പിക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനുമായുള്ള കരാർ ഒപ്പുവയ്ക്കുകയും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി അനുബന്ധ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. ചെറുതും വലുതുമായ തുറമുഖങ്ങളുടെ വികസനത്തിനുള്ള സാദ്ധ്യതയെക്കുറിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് അതാത് പ്രദേശങ്ങളിലെ ഉത്തരവാദപ്പെട്ട സമിതികളെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതുമാണ്. ബേപ്പൂരിലും കൊല്ലത്തും നിന്നുള്ള യാത്രാബന്ധിത കപ്പലുകൾ പ്രയോജനപ്പെടുത്തി ലക്ഷദ്വീപിലേയ്ക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ചരക്ക് ഗതാഗതം വർദ്ധിപ്പിക്കുന്നതിനും ലക്ഷദ്വീപ് ഗവൺമെന്റുമായി ആലോചിച്ച് വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതുമാണ്. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ നീണ്ടുനിൽക്കുന്ന തുറമുഖ ശൃംഖലയുടെ സമഗ്രമായ പുരോഗതിയും വികസനവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും 30-നെതിരെ 77 വോട്ടുകളോടെ സഭ പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.17-ന് പിരിഞ്ഞു.)

- - -